പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1902 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ അന്തർസംസ്ഥാന സർവ്വീസുകൾ

ചോദ്യം

ശ്രീ. ടി. വി. ഇബ്രാഹിം

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുതിയതായി അന്തർ സംസ്ഥാന റൂട്ടുകളിൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | അന്തർ സംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളുമായാണ് അന്തർ സംസ്ഥാന കരാറിൽ ഏർപ്പെട്ടുന്നത്. അന്തർ സംസ്ഥാന സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനായി കേരള സർക്കാർ 2016-ൽ കർണ്ണാടകയുമായി പുതിയ അന്തർ സംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം കർണ്ണാടകയിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളതും, തമിഴ്നാട്ടുമായുള്ള കരാർ രൂപീകരണം സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലുമാണ്. ടി കരാർ നടപടികൾ പൂർത്തിയാകുന്നതോടുകൂടി കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്. |
| (ബി) | എങ്കിൽ പുതിയ അന്തർസംസ്ഥാന റൂട്ടുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ; | (ബി) | അയൽ സംസ്ഥാനങ്ങളിൽ അന്തർ സംസ്ഥാന കരാർ പ്രകാരം അനുവദിച്ചിരിക്കുന്ന കിലോമീറ്റർ, നിലവിലുള്ള റൂട്ടുകളിലെ |

| | | | |
|---|---|---|---|
| | | | അധിക സർവ്വീസുകൾ, പുതിയ റൂട്ടുകളുടെ ആവശ്യകത എന്നിവ അടിസ്ഥാനമാക്കി അയൽ സംസ്ഥാനങ്ങളിലെ ആർ.ടി.സി.കളു മായി റൂട്ട് സംബന്ധിച്ച് നടത്തുന്നചർച്ചകളുടേ യും കൂടിയാലോചനകളുടേയും അതിന്മേൽ പരസ്പരം സമ്മതിച്ച് ഉണ്ടാക്കുന്ന വ്യവസ്ഥകളു ടെയും അടിസ്ഥാനത്തിലാണ് റൂട്ടുകൾ തെര ഞ്ഞെടുക്കുന്നത്. |
| (സി) | കോഴിക്കോട് നിന്ന് മെഡിക്കൽ കോളേജ്, എടവണ്ണപ്പാറ, അരീക്കോട്, എടവണ്ണ, നിലമ്പൂർ വഴി ഗൂഡല്ലൂരിലേക്ക് ഒരു പുതിയ സർവ്വീസ് നടത്തുന്നതിന് ഉദ്ദേശി ക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ സംബന്ധിച്ച നടപടികൾ പൂർത്തിയാ കുന്ന മുറയ്ക്ക് കോഴിക്കോട് നിന്നും ഗൂഡല്ലൂരി ലേയ്ക്ക് പുതിയ സർവ്വീസ് സംബന്ധിച്ചുള്ള സാധ്യതാപഠനം നടത്തി ആയത് പരിശോധി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ